പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3981 — 12.12.2018 ൽ മറുപടിയ്ക്ക്

## ഡയാലിസിസ് യൂണിറ്റുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ടി. വി. ഇബ്രാഹിം | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | പ്രൈമറി ഹെൽത്ത് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | "നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം" പദ്ധതിയിലൂടെ പ്രാഥമികാരോഗ്യ ചികിത്സാ രംഗത്തെ അടിസ്ഥാന കേന്ദ്രങ്ങളായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും ഉള്ള നടപടികൾ പൂർത്തിയായി ക്കൊണ്ടിരിക്കുകയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആരോഗ്യ ഗുണനിലവാരസംരക്ഷണം ഉറപ്പാക്കാൻ ഈ ദൗത്യം ലക്ഷ്യമിടുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുക വഴി ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങളുടേയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റാനും രോഗപ്രതിരോധ പുനരധിവാസ പ്രവർത്തനങ്ങളിൽ ഇടപെടാനും ഈ പദ്ധതി വഴി കഴിയുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായ കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, മെച്ചപ്പെട്ട ഇരിപ്പിടസൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, ലാബ് സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കി വരുന്നു. പ്രത്യേക ചികിത്സാ മാർഗ്ഗരേഖ വഴി ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കി വരുന്നു. ആസ്ത്മ, ശ്വാസകോശരോഗങ്ങൾക്കുള്ള "ശ്വാസ് ക്ലിനിക്", ഡിപ്രഷനും മാനസിക ആരോഗ്യ പരിചരണത്തിനുള്ള "ആശ്വാസ് ക്ലിനിക്" എന്നിവയും സബ് സെന്റർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഫീൽഡ് പ്രദേശങ്ങളിലേയ്ക്കുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട്റീച്ച് പ്രോഗ്രാമുകളും കൂടുതലായി നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. 2017-18 ൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും 2018-19 ൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ തെരെഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 23 കോടി രൂപ എൻ.എച്ച്.എം.ന് കൈമാറുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുത്ത 203 ആരോഗ്യ കേന്ദ്രങ്ങൾക്കായി 28.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിന് 5 കോടി രൂപ കെ.എസ്.സി.എൽ.ന് നൽകിയിട്ടുണ്ട്. 2018-19 ലാബ് സൗകര്യത്തിനായി 7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളിലേയ്ക്ക് 170 ഡോക്ടർ, 340 സ്റ്റാഫ് നഴ്സ്, 170 ലാബ് ടെക്നീഷ്യൻ, 150 ഫാർമസിസ്റ്റ് എന്നീ തസ്തികകളും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെവിടെയെങ്കിലും പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. ഈരാറ്റുപേട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 3 ഡയാലിസിസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലാണ് ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ചാലുശ്ശേരി, കൊണ്ടോട്ടി, ചുങ്കത്തറ എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ യഥാക്രമം 4, 16, 9 ഡയാലിസ് മെഷീനുകളുടെ സഹായത്തോടെ രോഗികൾക്ക് ഡയാലിസിസ് സേവനം നൽകി വരുന്നു. |
| (ഡി) | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡയാലിസിസ് സെന്ററുകളുടെ നടത്തിപ്പ് രീതി വിശദമാക്കാമോ? | (ഡി) | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ വിവിധ സൊസൈറ്റികൾ വഴിയും പൊതുജന പങ്കാളിത്തം വഴിയുമാണ് ഡയാലിസിസ് യൂണിറ്റ് നടത്തിപ്പിനുള്ള ഫണ്ട് കണ്ടെത്തി വരുന്നത്. ഇവിടെ ദിവസവേതനാടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ